ഡിസ്ട്രിക്ട് രജിസ്ട്രാരുടെ തരംതാഴ്ത്തൽ.

160. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഡിസ്ട്രിക്റ്റ് രജിസ്ട്രാരന്മാരിൽ ആരെയെങ്കിലും ഇടയിടെ തരംതാഴ്ത്തി സെക്രട്ടറിയേറ്റ് സൂപ്രണ്ടാക്കി നിയമിച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ ആരെ ? അദ്ദേഹത്തെ ഇപ്പോൾ വീണ്ടും ഡിസ്ട്രിക്റ്റ് രജിസ്ട്രാരാക്കി പ്രമോഷൻ കൊടുത്തിട്ടുണ്ടോ ? കൊടുത്തെങ്കിൽ അതിനു കാരണം എന്ത് ?

HON'BLE MR. A. J. JOHN : (എ) ഡിസ്ട്രിക്റ്റ് രജിസ്ട്രാരന്മാരിൽ ഒരാളെ സിക്രട്ടേറിയേറ്റിൽ അക്കിംഗ് സൂപ്രണ്ടായി സ്ഥലംമാറ്റുകയും, അദ്ദേഹത്തിന്റെ ഇൻക്രിമെന്റ് ഒരു വർഷത്തേക്കു തടയുകയും ചെയ്തു.

(ബി) മിസ്റ്റർ സ്റ്റീഫൻ നെറോ, ഡിസ്ട്രിക്റ്റ് രജിസ്ട്രാർ, കോട്ടയം.

അദ്ദേഹത്തെ ഒന്നാംഗ്രേഡ് അക്കിംഗ് ഡിസ്ട്രിക്ട് രജിസ്ട്രാറായി നിയമിച്ചു. ഈ ഗവണ്മെന്റിലെ നിയമനത്തിൽ, അദ്ദേഹത്തിന്റെ അവകാശങ്ങൾ പരിഗണിച്ചിട്ടുണ്ടെന്നല്ലാതെ, അതിനു പ്രത്യേക കാരണങ്ങളൊന്നുമില്ല.

Oriental Languages Degree Holders.

161. MR. ALEXANDER VAKAYIL (*Parur II—Latin Catholic*) : Will the Hon'ble Minister for Education be pleased to state :

(*a*) whether the Hon'ble Minister has received any memorial from the All Travancore Oriental Languages Degree Holders' Association, praying for the removal of their disabilities regarding their poor scale of salary etc ; and

(*b*) if so, what action has been taken in it ?

HON'BLE MR. N. KUNJURAMAN :

(*a*) Yes.

(*b*) The matter is under consideration.

എം. സി. റോഡ് ചേരുന്ന പാത.

162. MR. P. NANU (*Chirayinkeezh II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പി. ഡബ്ലൂ. ഡി. വകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) ചിറയിൻകീഴ് താലൂക്കിൽ പൂവണത്തിൽമൂട്ടിൽനിന്നും വാമനപുരത്തു എം. സി. റോഡിൽ ചേരുന്ന ഒരു പാത ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly